# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4857 18.12.2014 ലെ മറുപടിയ്ക്ക്

## കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.എം.ഹംസ<br>ശ്രീ.സി.രവീന്ദ്രനാഥ് | ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത കോർപ്പറേഷനിൽ നടക്കുന്ന അഴിമതിയും കെടുകാര്യസ്ഥതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ആക്ഷേപമുണ്ടായ അവസരങ്ങളിൽ പരിശോധിച്ചിട്ടുണ്ട്. |
| (സി) കോർപ്പറേഷന്റെ ഇടപാടുകളിൽ ഉന്നതരടക്കം കോഴ കൈപ്പറ്റുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) കോർപ്പറേഷൻ ഏറ്റെടുത്തിരുന്ന നിർമ്മാണ പ്രവൃത്തികൾ നടത്താൻ സംവിധാനമോ തൊഴിലാളികളോ ഉണ്ടോ; ഇവ ഇല്ലെങ്കിൽ ഇവയെല്ലാം ഉള്ള സ്ഥാപനങ്ങൾക്ക് നൽകുന്ന പ്രത്യേക പരിഗണന കോർപ്പറേഷന് നൽകുന്നത് എന്തുകൊണ്ടാണ്? | (ഡി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് സ്വന്തമായി നിർമ്മാണ സാമഗ്രികൾ ഇപ്പോൾ ഇല്ല. കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ എം പാനൽ കരാറു കാരുടെ കൈവശമുള്ള യന്ത്ര സാമഗ്രികൾ ആണ് ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. നിർമ്മാണ തൊഴിലാളികളെ കരാറുകാരാണ് ഏർപ്പാട് ചെയ്യുന്നത്. 27.02.1975 ലെ ജി.ഒ.(എം.എസ്) നം.39/75/പൊ.മ.വ. അനുസരിച്ചാണ് പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ളത്. 28.09.1988 ലെ ജി.ഒ.(എം.എസ്) നം.52/88/പി.ഡബ്ല്യു.&റ്റി, 12.02.1992 ലെ ജി.ഒ.(എം.എസ്) നം.16/92/പി.ഡബ്ല്യു.&റ്റി, 07.08.1997 ലെ ജി.ഒ.(എം.എസ്) നം.81/97/പി.ഡബ്ല്യു.&റ്റി, 18.08.1998 ലെ ജി.ഒ.(പി)നം.75/98/പി.ഡബ്ല്യു.ഡി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് പ്രത്യേക പരിഗണന കോർപ്പറേഷന് നൽകുന്നത്. |

സെക്ഷൻ ഓഫീസർ